(സി)	പേര്	-	ശ്രീ. കുമാർ ഭാസ്കരൻ
	ജോലിയുടെ പേര്	-	ഫിനാൻഷ്യൽ കൺസൾട്ടന്റ്
	നിലവിലെ പ്രതിമാസ കൺസൾട്ടൻസി ചാർജ്ജ്	-	15,000 (വർദ്ധിപ്പിച്ചത്)
	ജോലി ആരംഭിച്ച തീയതി	-	8-10-2012
	വയസ്സ്	-	61
(ഡി)	പേര്	-	ശ്രീ. കുമാർ ഭാസ്കരൻ
	ജോലിയുടെ പേര്	-	ഫിനാൻഷ്യൽ കൺസൾട്ടന്റ്
	ആകെ വാങ്ങിയ ശമ്പളം	-	3,96,587 രൂപ.

സി-ആപ്റ്റിന്റെ പ്രവർത്തനം

19 (5084) ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ആപ്റ്റിന്റെ പ്രവർത്തനം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ പാക്കേജിലൂടെ ലാഭകരമായി പ്രവർത്തിച്ചിരുന്ന സ്ഥാപനം ഇപ്പോൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ;

(സി) സെക്യൂരിറ്റി പ്രസ്സ് ഉൾപ്പെടെയുള്ള യന്ത്ര സംവിധാനങ്ങൾ ഉണ്ടായിട്ടും പാഠ പുസ്തകങ്ങളുടേതടക്കമുള്ള അച്ചടി ഏറ്റെടുക്കുന്നതിൽ വിമുഖത കാണിച്ചതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഭീമമായ വാടകയ്ക്ക് യന്ത്രങ്ങൾ വാങ്ങിയിട്ടുണ്ടോ ; പുതിയ യന്ത്രങ്ങൾ വാങ്ങാനുള്ള നിർവ്വാഹക സമിതിയുടെ തീരുമാനം നടപ്പാക്കാത്തതെന്തുകൊണ്ട് ;

(ഇ) സി-ആപ്റ്റ് എം.ഡി-ക്കെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണംനടത്തി നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സി-ആപ്റ്റിന്റെ ഭരണപരവും സാമ്പത്തികപരവുമായ നടത്തിപ്പിനെ സംബന്ധിച്ച് നിരവധി പരാതികൾ ജീവനക്കാരിൽ നിന്നും സംഘടനകളിൽ നിന്നും പൊതുപ്രവർത്തകരിൽനിന്നും ലഭിച്ചിട്ടുണ്ട്. ഗൗരവപരമായ വിഷയങ്ങൾ ഉചിതമായ പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ തക്കതായനടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

(ബി) 2011-12-ന് ശേഷം വാർഷിക കണക്ക് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ സ്ഥാപനം നഷ്ടത്തിലാണോ ലാഭത്തിലാണോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല.

(സി) നിലവിലുള്ള അച്ചടി സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പരമാവധി ജോലികൾ സി-ആപ്റ്റതന്നെ ഏറ്റെടുത്ത് നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾകൊണ്ട് സമയബന്ധിതമായി തീർക്കാൻ പറ്റാത്ത പാഠപുസ്തകങ്ങളുടെ അച്ചടിപോലെയുള്ള ജോലികൾ പുറംകരാർ നൽകുന്നു.

(ഡി) ലോട്ടറി നമ്പറിംഗും ബാർകോഡിംഗും ചെയ്യുന്നതിനുവേണ്ടി ഉപയോഗ്യമായ എ 3 വലിപ്പത്തിലുള്ള 1000 കോപ്പികൾക്ക് രൂപ 921.352 എന്ന നിരക്കിൽ യന്ത്രം വാടകയ്ക്കെടുത്തിട്ടുണ്ട്. സെന്ററിന്റെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി പുതിയ യന്ത്രങ്ങൾ വാങ്ങിയിട്ടുണ്ട്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പുതിയ യന്ത്രങ്ങൾ വാങ്ങുന്നതാണ്.

(ഇ) പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

ഡി.ഡി.ഇ. നിയമനം

20 (5086) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡി.ഡി.ഇ.-മാരില്ലാത്ത എത്ര ജില്ലകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ജില്ലകളുടെ പേരുകൾ വെളിപ്പെടുത്താമോ ;

(ബി) ഡി.ഇ.ഒ.-മാരുടെ പ്രൊമോഷൻ പ്രഖ്യാപിക്കാതെ തടഞ്ഞുവച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) ഡി.ഇ.ഒ.-മാരുടെ പ്രൊമോഷൻ പ്രഖ്യാപിക്കാനും ഡി.ഡി.ഇ-മാരുടെ ഒഴിവുള്ള തസ്തികകളിലേക്ക് യോഗ്യതയുള്ളവരെ പ്രൊമോട്ട് ചെയ്യാനും അടിയന്തര നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?